# DIGITAL MAGAZINE
# MJHSS ELETTIL






Chairman
Mini, Headmisress

Chief Editors
Sabna O, Ashraf

Student Editor
Aliya Ismail

Layout
Haya Fathima

Typing
Muhammed Fidal VK



HABEEBURAHMAN PP
MANAGER




NISHA
HEADMISTRESS

We are very happy to know that Little Kite student of Muhammadali Jouhar Hiigher Secondary School is publishing a Magazine.“ശലഭം”in February 2024

`School magazines have a great educative value. They encourage students to think and write.Infact young talent find sits first exposure through this medium.The magazine also records achievements and various activities of thestudents.We hope this publication would be successful in achieving these objectives.

Best Wishes for the entire endeavour.




MUHAMMED ASHRAF PC

KiteMaster (BatchI)

As a Kite Master very glad to know that my students are publishing a Magazine “ശലഭം”. Making a magazine is a project that allows individuals towork on what interest them. It helps them to improve their reading and writing skills to a great extent and developing their power of thinking and strengthen their imagination as well.

# EDUCATION..WHY



NajwaYusuf

Education plays a very important role in everyone's life education is a basic humanright It's provides freedom and empowerment to every one .It's make us independen tit's provides us a good career good life style a good status in the society and makes us self confident it also helps us to behealthy boosts economic growth promote peace in the society eradicate povert remove gender discrimination and in equality promote women and children rights bring good governance remove corruption and many more It is true that educated people make an educated society and educated societies make an educated nation only an educated country can take the irnation to greater heights we must also remember that education not only means getting bookish knowledge but it involves you having knowledge that will help you to be a bette r human being.

# ഓൺലൈൻ കുട്ടി

Amirthana



ഞാൻ തന്നെ ഞാൻ തന്നെ

ആ കുട്ടി ഞാൻ തന്നെ

ഒരു പക്ഷേ...

ഇൻസ്റ്റഗ്രാം ഐ.ഡി പറഞ്ഞാലറിഞ്ഞേക്കാം...



പിറന്നപ്പോളാദ്യമായ് അച്ഛനെ കണ്ടത്

ഫോണിലെ വീഡിയോ കോളിൽ തന്നെ

എന്നമ്മ ആദ്യമായി ചൊല്ലി പഠിപ്പിച്ചു

വാട്സ്ആപ്പ് എന്നും ഫേസ്ബുക്ക് എന്നും

ചേച്ചി മൊഴിഞ്ഞത് ശല്യമാകാതെ

ഫോണിലേക്ക് തലകുനിക്കാൻ...

മറ്റാരുമല്ല...

മാടിവിളിച്ചതെൻ ഗെയിമുകൾ തെന്നിലെ മായാലോകം

എന്നോട് മുത്തശ്ശി ചൊല്ലുന്നത് രാമായണവും ഈ ഫോണിൽ തന്നെ

എന്തിനുമേതിനും യന്ത്രം തന്നെ

ആരുടെ സൃഷ്ടിയീ കൊച്ചു ലോകം

ഞാൻ തന്നെ ഞാൻ തന്നെ ആ കുട്ടി

ഞാൻ തന്നെ ഞാൻ തന്നെ ഞാൻ തന്നെ

ആ കുട്ടി ഞാൻ തന്നെ.


# രണ്ടു കവിതകൾ

## സതി




ചിതയിലെരിഞ്ഞവൾ
തന്നെയാണ്
അടുപ്പിലെരിഞ്ഞതും
അടുപ്പത്തുവെന്തതും
ചിതക്കുള്ളിലായിരുന്നു
അന്നവൾ
ചിത ഇന്നവൾക്കകത്താണ്

## വേര്



പടരും
ദലങ്ങളുടെ
മർമ്മരങ്ങളോ
വിടരും പൂക്കളുടെ
സുഗന്ധമോ
മണ്ണിലലിയും വരെ
ഒരൊറ്റവേരും
അറിയാറില്ല



# ലളിതഗാനം

കെ..സി.പി നന്ദകിഷോർ

തെങ്ങോലത്തുമ്പത്ത്
പൂന്തെന്നൽ പാടുമ്പോൾ
മറ്റൊരു തെന്നലായി
നീ വന്നു (2)
വിരിയുന്ന പൂവിന്റെ
നറുമണം പോലെയോ
അഴകെ നീയെന്നെ തഴുകി
അയകെ നീയെന്നെ തഴുകി
(തെങ്ങോല..)
മഷിയിട്ടു നീട്ടിയ
നിൻ മൃദു മിഴികളിൽ
മനസ്സിന്റെ മന്ത്രങ്ങൾ ഞാനറിഞ്ഞു (2)
പവിഴങ്ങൾ നാണിക്കും
നിന്നധരങ്ങളിൽ
തരങ്ങളിൽ ഒരുവേള സല്ലാപം ഞാൻ കേട്ടു
ഒരുവേള സല്ലാപം ഞാൻ കേട്ടു
(തെങ്ങോല..)
പരിഭവം നുരയുന്ന
നിൻ കവിളിണയിൽ
പകലോന്റെ കിരണം പതിഞ്ഞ നേരം (2)
പകലിന്റെ ചൂടു മറന്നു ഞാൻ
വരികയായ്
അലരുമയാം നിന്നിലലിയാൻ
അരുമയാൻ നിന്നിലലിയാൻ
(തെങ്ങോല...)

# Education quotes

1.Education is the passport to the future for tomorrow belongs to those who prepare

2.education is the most powerful weapon which can use to change the world

3.education is the movement from darkness to light

4.A good education is a foundation for a better future

5the great aim of education is not knowledge but action

6.The root of education are bitter but the fruit is sweet

7.education is the key of success

8.education is not preparation for life education life itself

9.The direction in which education start a man will determine his future life

10.education is the key of
unlocking the world it is the passport to freedom

# മിഠായികൾ കറുക്കുമ്പോൾ

കോടതിക്ക് ചുറ്റും വാർത്തക്കാരും പത്രക്കാരും തടിച്ചുകൂടി .ജനങ്ങൾ ടിവിയിലേക്കും
ചൈലുകളിലേക്കും ഉറ്റുനോക്കി. ഇന്നാണ് വിധി വരുന്ന ദിവസം . ജഡ്ജി വിധി പറഞ്ഞു തുടങ്ങി.
"കൃത്യമായ തെളിവുകളുടെ അടിസ്ഥാനത്തിൽ പ്രതി കുറ്റം ചെയ്തതായി തെളിഞ്ഞിരിക്കുന്നു , പ്രതിയെ
തൂക്കിലേറ്റാൻ ഇതിനോടകം കോടതി വിധിക്കുന്നു."
" രാജീവേട്ടാ അതെന്താ ആ പൊത്തിൽ കിടന്നു തിളങ്ങുന്നത് ?"
ഒഴിവു ദിവസമായിട്ട് ഏട്ടൻറെ കൈപിടിച്ച് പാടവരമ്പത്ത് കൂടി കളിസ്ഥലത്തേക്ക് നീങ്ങുന്ന ഉണ്ണി അവിടെ
മുറിക്കാതെ വെച്ച ഉങ്ങു മരത്തിൻറെ താഴെയുള്ള പൊത്തിലേക്ക് വിരൽ ചൂണ്ടി. " അതെന്തോ മിഠായി കടലാസാ ഉണ്ണീ...... നീ വേഗം നടക്ക് അവർ കളി തുടങ്ങിക്കാണും . " രാജീവ് ഉണ്ണിയോട്
പറഞ്ഞു. ഉണ്ണി അതിനെ കൗതുകപൂർവ്വം ഒന്നുകൂടി നോക്കി മുന്നിലെത്തിയ ചേട്ടന്റെ അടുക്കലേക്ക് ഓടി.
സൂര്യൻ ഉദിക്കുകയും അസ്തമിക്കുകയും ചെയ്തു. ഒരു നീർച്ചാൽ ഒഴുകുന്നതുപോലെ തെച്ചിക്കോട്ടുകാവ്
സമാധാനത്തോടെ മുന്നോട്ട് നീങ്ങി.
ഇന്ന് ജൂൺ ഒന്ന്. ഉണ്ണി പുതിയ സ്കൂളിൻറെ യൂണിഫോം ധരിച്ച് ഒരുങ്ങി ബസ് കാത്തുനിൽക്കുകയാണ്.
യുപി സ്കൂളിൽ നിന്ന് എട്ടാം ക്ലാസിൽ എത്തി പുതിയ കൂട്ടുകാരെ കാണണം എന്നൊക്കെയുള്ള ചിന്തകളാണ്
അവന്റെയുള്ളിൽ . പക്ഷേ എന്തോ ഭീകരമായ ഒന്ന് അവനെ കാത്തിരിക്കുന്നത് അവൻ അറിഞ്ഞില്ല. ബസ്
നിർത്തി ,അവൻ അതിൽ ഓടി കയറി. ബസ് നിറഞ്ഞിരിക്കുന്നു. ഒരൊറ്റ സീറ്റില്ല.അപ്പോൾ പുറകിലെ സീറ്റിൽ
അവന്റേത് പോലത്തെ യൂണിഫോം ഇട്ട ഒരു കൂട്ടുകാരൻ അവനെ മാടി വിളിച്ചു.
"വാടാ .... ഇവിടെ ഇരിക്ക് "
അവനല്പം നീങ്ങിയിരുന്നു കൊടുത്തു.ഉണ്ണി ചോദിച്ചു. " പേരെന്താ?"
"ഉസ്മാൻ , ഉസ്മാൻ മുഹമ്മദ് "
സ്കൂളിൽ ഒരു ക്ലാസിൽ ഒരു ബെഞ്ചിൽ ഒരിടത്തിരുന്ന് അവർ കാലം നീക്കി.
അന്ന് ഉണ്ണിയുടെ അമ്മയും അച്ഛനും ഇല്ലാത്തതുകൊണ്ട് അവനെ സ്കൂളിൽ നിന്ന് കൂട്ടാൻ അല്പം വൈകും എന്ന്
പറഞ്ഞിരുന്നു. അതുകൊണ്ട് അവനും ഉസ്മാനും സ്കൂൾ വിട്ടിട്ടും സ്കൂളിൽ ചുറ്റും നടക്കുകയായിരുന്നു. അപ്പോഴാണ്

അവർ സ്ക്രൂളിനോട് ചേർന്ന് ഒരു ഇടവഴി കണ്ടത്. അവർ പറഞ്ഞു. "സമയം
നാലുമണി ആയതേയുള്ളൂ .ഇതിനപ്പുറം
ഒരു കാട് ഉണ്ടെന്ന് എന്നോട് രാഹുൽ പറഞ്ഞിരുന്നു. അമ്മ വരാൻ അഞ്ചു
മണിയാകും , നമുക്ക് കാടുകാണാൻ
പോയാലോ ?" അവർ ഇരുവരും കാട് കാണാൻ ആ പ്ലാസ്റ്റിക് വേസ്റ്റുകൾ നിറഞ്ഞ
ഇടവഴിയിലൂടെ അപ്പുറം
ലക്ഷ്യമാക്കി നടന്നു. ചെടികളും മരങ്ങളും എല്ലാം നിറഞ്ഞ ഒരു സ്ഥലമായിരുന്നു അത് .
അവർ അവിടെ ഒരു
പൊട്ടിപ്പൊളിഞ്ഞ് കാടുപിടിച്ച കെട്ടിടം കണ്ടു .അവർ അതിനകത്തുനിന്ന് ഒരാളനക്കം
കേട്ടു. അവർ ആ
കെട്ടിടത്തിനകത്തേക്ക് എത്തിനോക്കി .
3)അതിനകത്ത് അവർ കുറച്ച് പേരെ കണ്ടു . താടിയും മുടിയും എല്ലാം നീട്ടി കണ്ടാൽ
തന്നെ ഭയമാകുന്ന അഞ്ചാറ്
യുവാക്കൾ . "അവർ എന്തു ചെയ്യുകയാണ് ?"
"അറിയില്ല "
"എനിക്ക് പേടിയാകുന്നു "
"വേണ്ട പേടിയൊന്നും വേണ്ട. " ഉണ്ണി പറഞ്ഞു.അപ്പോഴാണ് യുവാക്കളിൽ ഒരാൾ
അവരെ കണ്ടത് . അവർ
കുട്ടികൾക്ക് നേരെ ഓടിയെടുത്തു.ഉസ്മാൻ പേടിച്ചോടി. "ഓടിക്കോ ഉണ്ണി ...."
അവൻ അലറി .
അപ്പോഴേക്കും ഉണ്ണിയെ അവർ പിടിച്ചിരുന്നു.
"മോന്റെ പേരെന്താ?"
"രഞ്ജിത്ത് "
"പേടിക്കണ്ട മോനു മുട്ടായി വേണോ ? " അവർ അവന് ഒരു മിഠായി വെച്ചു നീട്ടി.
അവനതും വാങ്ങി
തിരിഞ്ഞോടി. അവൻ അതൊന്നും ആരോടും പറഞ്ഞില്ല . അവൻ രാത്രി ഉറങ്ങാൻ
കിടന്നപ്പോൾ ആ മുട്ടായി
ഓർമ്മ വന്നു. അത് എടുത്തു നോക്കി. എവിടെയോ കണ്ടു മറന്ന മിഠായി അതെ
അതുതന്നെ അന്ന് പൊത്തിൽ
കണ്ടത് . അവൻ മെല്ലെ അത് പുറത്തെടുത്ത് കഴിച്ചു.
" എന്തൊരു ചവർപ്പ് . "
ഒന്ന് രുചിച്ച് അവനത് എടുത്തുവച്ചു. അടുത്ത ദിവസം ആ സമയമായപ്പോഴേക്കും
അവൻ അതിൻറെ ബാക്കി
ഭാഗവും അകത്താക്കി. അടുത്ത ദിവസം ആ ഇടവഴിയിലൂടെ അവരുടെ അടുക്കൽ
എത്തി .അങ്ങനെ ദിവസം
അവൻ അവിടെയെത്തി മിട്ടായിൽ നിന്ന് അത് പല ലഹരികളിലേക്കും
കഞ്ചാവിലെല്ലാം എത്തി .

മകന് ഇതെന്തുപറ്റി എന്നറിയാതെ അമ്മയും അച്ഛനും വിവരമന്വേഷിച്ചു. നല്ല മാർക്ക് ഉണ്ടായിരുന്ന
അവനിപ്പോൾ സ്ക്കൂളിൽ ബാക്ക് ബെഞ്ചിലാണ്. എല്ലാവർക്കും വെറുപ്പാണ് . അങ്ങനെ ആർക്കും വേണ്ടാത്ത ഒരു
ജന്മമായി അവൻ മാറി. ലഹരി എന്ന കറുത്ത മിട്ടായി അവൻറെ മനസ്സിൽ ആധിപത്യം സ്ഥാപിച്ചു
കഴിഞ്ഞിരുന്നു. സൂര്യൻ കിതച്ചു കിതച്ച് തെച്ചിക്കോട്ടുകാവിലൂടെ കടന്നുപോയി , നീണ്ട അഞ്ചുവർഷങ്ങൾ .
അന്ന് സൂര്യൻ ഉദിച്ചത് ഒന്ന് ഭയന്നായിരുന്നു. പോലീസും നാട്ടുകാരും എല്ലാം ഉണ്ണിയുടെ വീടിനുമുന്നിൽ
തടിച്ചുകൂടിയിരുന്നു. കൊല്ലപ്പെട്ട രീതിയിൽ മൂന്ന് മൃതദേഹൾ അവിടെ നിന്ന് കണ്ടെത്തി .ഉണ്ണിയുടെ അമ്മ ,അച്ഛൻ
, ജ്യേഷ്ഠൻ . അതെ കേരളത്തെ മുഴുവൻ നടുക്കിയ ഒരു കൊലപാതകം ആയിരുന്നു അത് .
കോടതിക്ക് ചുറ്റും വാർത്തക്കാരും പത്രക്കാരും തടിച്ചുകൂടി .ജനങ്ങൾ ടിവിയിലേക്കും മൊബൈലുകളിലേക്കും
ഉറ്റുനോക്കി. ഇന്നാണ് വിധി വരുന്ന ദിവസം . ജഡ്ജി വിധി പറഞ്ഞു തുടങ്ങി.
"കൃത്യമായ തെളിവുകളുടെ അടിസ്ഥാനത്തിൽ പ്രതി കുറ്റം ചെയ്തതായി തെളിഞ്ഞിരിക്കുന്നു .പ്രതിയെ
തൂക്കിലേറ്റാൻ ഇതിനോടകം കോടതി വിധിക്കുന്നു."
അപ്പോൾ ആരോ വിളിച്ചു പറഞ്ഞു.
"തൂക്കിലേറ്റണ്ടത് അവനെയല്ല . കഞ്ചാവിനെയാണ് , ലഹരിയെന്ന കൊയാളിയെയാണ് .

# FOUR WALLS

From being bored she thought of a girl, far away, Laughing with heart, talking without embarrassment. she knew it,s so far that she could not reach it back, because time travelling isn't possible year. Yes the one she thought about was herself, two years before. The 'one' sh  now can't even match with the one she was. Without any communication, the anxiety to talk increased and the scare for people was at it's fist stage while alone she thought that "loneliness"is boring and depressing but when around people she thought"being alone"is peace. Communication was a thing to enjoy but now it's a nightmare. Sitting along with books an a device, inside the four walls, having a mouth locked. She asked herself can't I speak any more?

When a person asked her, why are you not talking, she remembered the same person asking her to stop talking because of her non-stop talk she remembered herself being an extrovert, and a person who was called as the "cracker" of the gang. And now looking at herself she knew that she have already became an extra "introvert". After getting scolded 17for being outside all the day, now she is getting scolded for being inside all the time. Now she is trying to be the old her but failing again and again, and she understood loneliness have became a drug that never leave us.......



# MAD

In a hostel the were 5 members are there, named as Somebody, Nobody, Fool,Mad and Brain .one day in a moment Somebody Killed Nobody .no one left at that time.
Then Mad reached at the home he scared to see it. he ran to the police station.

Police: What's your problem?
Mad: Somebody killed Nobody.
Police: Are you a mad?
Mad:yes Sir, Iam Mad.
Police: What are you saying? you didn't have a brain.
Mad:no Sir, Brain is in the bathroom
Police: Oh! Fool.
Mad: Fool is in the tea shop with his girl friend
Police: Oh! My god.......



# Quotes about Good Human

A single death is a tragedy millions death is a statistic

- Joseph stalin

Freedom is not worthhaving if it does not include the freedom to make mistake

-Mahatma Gandhi

Do not mind anything that anyone tells you about anyone else Judge everyone and everything for yourself

- Henry James

Life's most persistance andurgent question is what are you doing for others?

-Martin Luther King jr

Nothing can cure the soul but the senses just us nothing can cure the senses but the soul

-Oscar Wilde

How far that little candle throws beam so Shine a good deed in a weary world

- William Shakespeare

We can only know that we know nothing and that is the highest degree of human wisdom

-Leo Tolstoy

God save us from people who mean well

- Vikram seth

We are each others harvest we are each other business we are each others magnitude and bond

-Gwendoline brookes

There are people in the world so hungry that God cannot appear to them except in the form of bread

- Mahatma Gandhi

It is far better to be alone that you in a Bad Company

-George Washington

# ഫോണല്ലേ എല്ലാം !

മുഹമ്മദ് ദുന്നൂൻ
൧-F

ശാസ്ത്രം മനുഷ്യ ജീവിതം വളരെ സുഖകരമാക്കിയിരിക്കുന്നു. നാഗരികത ആദ്യം മുതൽ ആരംഭിച്ചു. എന്നാൽ ഇന്ന് പുരുഷന്മാർക്ക് എല്ലാം കയ്യെത്തും ദൂരത്തുണ്ട്. ശാസ്ത്രത്തിന്റെ കണ്ടു പിടിത്തങ്ങൾ അതിശയകരവും ഉപയോഗപ്രദവുമാണ്. മൊബൈൽ ഫോണിന്റെ കണ്ടുപിടിത്തം ഉചിതമായ ഉദാഹരണമാണ്.നൂറ്റാണ്ടുകളിലെ ജനങ്ങളുടെ ജീവിതത്തിൽ മൊബൈൽ ഫോൺ വിപ്ലവം സൃഷ്ടിച്ചു.ശരിയായി ഉപയോഗിച്ചാൽ അത് ഒരു അനുഗ്രഹമാകാം ,പക്ഷേ ദുരുപയോഗം ചെയ്താൽ അത് ഒരു ശാപമാണെന്ന് തെളിയിക്കാം.

മൊബൈൽ ഫോണുകൾ ഒരു അനുഗ്രഹമാണ്, കാരണം ഇപ്പോൾ സെൽ ഫോണുകളിലൂടെ ഇൻറർനെറ്റ് ആക്സസ് ചെയ്യാൻ കഴിയും.അവ വിവരങ്ങളുടെയും വിനോദത്തിന്റെയും പണമിടപാടുകളുടെയും മികച്ച ഉറവിടമായി മാറിയിരിക്കുന്നു.ഉടനടി ആശയവിനിമയത്തിനുള്ള ഒരു ഉപകരണം എന്നതിലുപരി, മൊബൈൽ ഫോണുകൾ ഇപ്പോൾ ഒരു സുരക്ഷാ ഉപകരണമാണ്.സാങ്കേതികവിദ്യയിലെ പുരോഗതിക്ക് നന്ദി,സുഹൃത്തുക്കളെയും പ്രിയപ്പെട്ടവരെയും അവരുടെ ഫോണിൽ ഇൻസ്റ്റാൾ ചെയ്ത ജിപിഎസ് സഹായത്തോടെ ട്രാക്ക് ചെയ്യാൻ കഴിയും.ആളുകൾക്ക് വാങ്ങാൻ ഫോണുകൾ വളരെ ജനപ്രിയമായ ഒരു ഇലക്ട്രോണിക് ആയി മാറുകയാണ്.ചില സന്ദർഭങ്ങളിൽ അവർ ഹൗസ് ഫോണുകൾക്ക് പകരം വയ്ക്കുന്നു.അവ സാങ്കേതികമായി കൂടുതൽ പുരോഗതിച്ചു കൊണ്ടിരിക്കുന്നു;മിക്കവർക്കും ചിത്രങ്ങളും വീഡിയോകളും എടുക്കാനും അയക്കാനും വെബ് സർഫിംഗിനായി ഇൻറർനെറ്റിലേക്ക് കണക്ട് ചെയ്യാനും കഴിയും.അനേകം കുട്ടികൾ കിൻഡർ ഗാർഡൻ പ്രായത്തിൽ പോലും സെൽഫോൺ ഉടമകളായി മാറുന്നു.ഈ ഫോണുകൾ ഉപയോഗിച്ച് ചെയ്യാൻ കഴിയുന്ന കാര്യങ്ങളുടെ സാധ്യതകൾ അനന്തമാണ്.സെർച്ച് എഞ്ചിനുകളിൽ കാലാവസ്ഥയോ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങളോ തിരയാൻ സെൽഫോണുകൾ ഉപയോഗിക്കാം.എന്നാൽ ഒരു കുട്ടിക്ക് ഒരു ടെക്സ്റ്റോ ഇമെയിലോ അയക്കാൻ ആഗ്രഹിക്കുന്ന എന്തും അവർക്ക് തുറന്നുകാട്ടാൻ കഴിയും.നിലവിൽ നിരവധി അപ്ലിക്കേഷനുകളിലൂടെ നമുക്ക് ആവശ്യമുള്ളപ്പോഴെല്ലാം ഞങ്ങളുടെ കൂട്ടാളികളും ആയും കുടുംബാംഗങ്ങളുമായും ബന്ധപ്പെടാം.നിലവിൽ നിങ്ങളുടെ സെൽ ഫോണോ സെല്ലോ പ്രവർത്തിച്ചുകൊണ്ട് ഞങ്ങൾക്ക് ആവശ്യമുള്ളവരും ആയി വീഡിയോ സന്ദർശനം സംസാരിക്കാം.

ഫോൺ;ഈ പോർട്ടബിൾ കൂടാതെ ലോകത്തെ മുഴുവനായും നമ്മെ ഉന്മേഷഭരിതരാകുന്നു.മാതാപിതാക്കളും അധ്യാപകരും രക്ഷിതാക്കളും ഒരു കുട്ടിക്ക് സ്വന്തം സെൽഫോൺ അവരുടെ ഇഷ്ടാനുസരണം ഉപയോഗിക്കാൻ അനുവദിക്കുന്നതിനു മുൻപ് അതിൻറെ ഗുണപരവും പ്രതികൂലവുമായ വശങ്ങളെക്കുറിച്ച് ബോധവാന്മാരായിരിക്കണം.

മൊബൈൽ ഫോണിൻറെ ആരോഗ്യ പ്രശ്നങ്ങളെ കുറിച്ച് ഉള്ള നിരന്തരമായ വിമർശനങ്ങളെക്കുറിച്ച് നമ്മിൽ മിക്കവർക്കും അറിയാമെങ്കിൽ, അവ ഉപേക്ഷിക്കാൻ വളരെ സൗകര്യപ്രദമാണ്.മൊബൈൽ ഫോണുകൾ നമ്മുടെ ദൈനംദിന ആരോഗ്യത്തെ പ്രതികൂലമായിബാധിക്കുന്നു . അമിതമായ ഫോൺ ഉപയോഗസമ്മർദ്ദം ,വിഷാദം ,ഉറക്ക അസ്വസ്ഥതകൾ ,ബന്ധപ്രശ്നങ്ങൾ എന്നിവയിലേക്ക് നയിക്കുന്നതായി ഗവേഷകർ കണ്ടെത്തി.ചെറിയ സമയത്തേക്ക് ഫോണിൽ നിന്ന് മാറി നിൽക്കുമ്പോൾ യുവാക്കൾക്ക് പിൻവലിക്കൽ ലക്ഷണങ്ങൾ അനുഭവപ്പെടുന്നതായി പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്.

# __തണ്ണീർ__

- ഫാത്തിമ നൂറ
8E

വെള്ളം വറ്റും ഭൂവിനു മീതെ
ഉറവകൾ ഇല്ലാ ഈ മരുഭൂവിൽ
അടർന്ന വേരിന്നൊരു
ബോധത്തെ തേടി
ജ്വലിച്ചു നിൽക്കും അരുണനു കീഴെ
കളങ്കമില്ലാ ഒരുവൾ കുമ്പിടുന്നു
ദേവനു മുന്നിൽ
അവൾക്കു വേണം കനിവിൻ തണ്ണീർ
അവൾ ഓരോന്നായി ഉരുവിടുന്നു
അവളുടെ തീരാ നോവുകൾ!!
ആ നെഞ്ചിന്നറിയാം
അവളുടെ കദനകഥകൾ.
കനിവിൻ തണ്ണീർ നൽകുന്നവരാരോ
അവനുമറിയാം ഓരോ കഥകൾ.



# ഒറ്റ മനുഷ്യൻ

Ayisha Ajvadha
8E

നേരം സന്ധ്യ യാകാറായി, സൂര്യന്റെ വെളിച്ചം മങ്ങിതുടങ്ങി, പാടത്തിന്റെ വരമ്പുകളിൽ പച്ചപ്പനന്തത്തകൾ കൂടിയിരിക്കുന്നു. ഇതെല്ലാം നോക്കിക്കണ്ടു അയാൾ അങ്ങാടിയിൽ നിന്ന് കപ്പ വിറ്റ് മീനും വാങ്ങി നടക്കുകയാണ്. ഇന്ന് ഇതേ സന്ധ്യയായി ഇങ്ങനെ ഓരോ ദിവസവും തള്ളി നീക്കുന്നു. ഇനി നാളെയെന്താവുമോ എന്തോ, ചിന്തിച്ചിട്ട് ഒരു പിടിയും കിട്ടുന്നില്ല. അവൽവാസിയായ തോമസിനെ ഞാൻ പലപ്പോഴും അസൂയയോടെ നോക്കി കാണാറുണ്ട്, രണ്ട് മക്കളുണ്ട് അയാൾക്ക്, ഒരാൾ ഇപ്പോൾ ഡോക്ടറാണ്, മറ്റെയാൾ അങ്ങ് ലണ്ടനിൽ പഠിക്കുകയാണ്. എല്ലാവർക്കും തോമസിനെ വലിയ കാര്യമാണ്. അയാളുടെ മക്കളെ കൊണ്ട് അയാൾ വളരെ സന്തുഷ്ടനാണ്. രാമാനിന്റെ മക്കളോട് തോമസിന്റെ മക്കളെ കണ്ട് പഠിക്കാൻ പറ, അല്ലാതെ കുടിയും കഞ്ചാവുമായി തെണ്ടി നടക്കാതെ, മിക്കവാറും രാമൻ എത്രയും പെട്ടെന്ന് വടിയാവാം. ഇതെല്ലാമാണ് ഇപ്പോൾ നാട്ടിലെ വർത്താനം.ഹാ, വീടെത്തി സുലൂ, താ മീൻ, നല്ല അയ്‌ലയാ. ഞാൻ പോഴി ഒന്നു കുളിച്ചിട്ടു വരാം, നീ ചായ എടുത്ത് വെക്ക്. അയാൾ അങ്ങനെ കുളിക്കാൻ കുളിമുറിയിലേക്ക് പോകാൻ നിൽകെ, ടാ നിന്റെ തോണ്ടൽ ഇത്രയും നേരമായി കഴിഞ്ഞിട്ടില്ലേ, ഒന്ന് പോ അച്ചാ ചുമ്മാ ശല്യം ചെയ്യാതെ, അയാൾ കുളി കഴിഞ്ഞ് കൊലായിലെ ചാരു കസേരയിൽ ചായയും കുടിച്ച് വീണ്ടുംചിന്തകളിലേക്കാണ്ടു.......

# ദുർഗന്ധം

- KADEEJA LUBABA
8-D

ഗതികിട്ടാതൊരാത്മവിനെപ്പോലെ
അലയുന്നീ മനുഷ്യനെന്തിനോ
ഇനിയുമാ തീരെ മടുക്കാത്ത
മരുന്നിനല്ലേ
ഗതികിട്ടിയാ മയക്കത്തിലവൻ
മണക്കുന്നില്ല ആ ദുർഗന്ധത്തെ
മറക്കുന്നു പെറ്റമ്മയും മറ്റും
എല്ലാം വിലക്കുന്നു,ഗതികിട്ടാൻ
ഗർജ്ജിക്കുകയാണവൻ
ആ മനുഷ്യൻ മൃഗമായി,
അടിമയായി,ഏറെ നിചമാം
മാംസത്തിന് !
പിന്നീടവൻ പിടഞ്ഞു
അലറിയതോ ഒരു നിമിഷത്തിനായ്
അന്നോളമവനതറിഞ്ഞിട്ടുമില്ല
രുചിച്ച മാംസം - 'ലഹരി'യാണെന്ന്

# Market Named World

Hikma Latheef
VIII G

Sometimes young people fall in love....
With wrong people sometimes....
But the truth takes time
To realise that they are in the
Hands of an imposter....
They just thought that
The sincere love is in their hand
When they are really just in pain....
They hold back their pain
Cause they thought that
Great pain is a normal medicine
For true love....
We know the true things are rare now
In the market named world....
When we saw the cover of them
We thought they are rare....
But the huge point is hidden
At the end of the story....
Its the moral of the story
That....
Don't judge....
A book....
By it's cover....
Dude!!!

# ജീവിതം

Niya abdurahman
8-I

അനന്തമായ ഒരു സാഗരമാണ് ജീവിതം. എന്തെന്നറിയാതെ ആരോ ഏല്പിച്ച കർത്തവ്യം ഏറ്റെടുത്ത് കൊണ്ട് അത് മുന്നോട്ട് കുതിക്കുന്നു. നിഷ്കളങ്കമായ ബാല്യം കൊണ്ട് ആരംഭിക്കുന്ന ജീവിതം അതിന്റെ യാത്രയിൽ എവിടയോ പലപ്പോഴും പിഴച്ചു പോകുന്നു. തിരിച്ചറിയാൻ വയിക്കുന്തൊറും ആരും അറിയുന്നില്ല. നഷ്ടപെടുന്ന ആ സുവർണ നിമിഷങ്ങൾ ഒരിക്കലും തിരിച്ചു കിട്ടുകില്ല എന്ന സത്യം. കണ്ണീർ കൊണ്ടും ആഹ്ലാദം കൊണ്ടും പശ്ചാത്താപം കൊണ്ടും ഒരു നദി പോലെ അത് മുടിക്കുന്നു. ഏതെങ്കിലും ഒരു തരത്തിൽ വിജയം ലഭിച്ചാൽ ലോകമാകെ കീയടക്കി എന്ന ഭാവത്തിൽ സന്തോഷിക്കുന്നു. ചിലർക്കു ഈ ആഹ്ലാദത്തിനൊപ്പം അഹങ്കാരം എന്ന ദുഷിച്ച സ്വാഭാവം കൂടി സൗജന്യമായി ലഭിക്കിന്നു. പക്ഷെ ചിലർ ജീവിതത്തിൽ കഴിവന്ന ആ വിജയത്തിനു അർഹനാക്കിയ സർവശക്തനോട് നന്ദി പറയുന്നു. ദുഖഘട്ടങ്ങളിൽ, തണ്ണീർ പന്തലുമായി ചിലർ കാത്തിരിക്കുന്നു. സമാധാനത്തിന്റ ആശ്വാസകേന്ദ്രമായ അവർ നഷ്ടപ്പെട്ടദിന്റെ പതിഞ്ച്മടങ് ശക്തി വീണ്ടും നമ്മിൽ ആവാഹിച്ചു കൊണ്ട് കൂടുതൽ ഉനർജ്ജം നൽകുന്നു. ജീവിത പാതയിൽ നിന്ന് ഒന്ന് തിരിഞ്ഞു നോക്കിയാൽ നഷ്ടപ്പെട്ടത്തിന്റെയും നേടിയതിന്റെയും ഒരുപാട് കൂട്ടി കിഴക്കിൽ കാണാം. ആരംഭത്തിൽ ആളികത്തിയ ആ ദീപം പിന്നീട് അവസാനമാകുമ്പോൾ ഒരു തേങ്ങൽ പോലെ മനസ്സിനെ വേട്ടയാടുന്നു. ഒരു അവസരം കൂടി കിട്ടിയിരുന്നെങ്കിൽ എന്ന് എല്ലാം വിധിക്ക് വിട്ടുകൊടുത്തുകൊണ്ട് ജീവിതമാകുന്ന ദീപം കെട്ടുപോകുന്നു



# അനുഭവത്തിന്റെ സ്വാദ്

fathima dilha.Tk
9.B

ഓരോ അനുഭവവും പല സ്വാദിലാ യിട്ടാണ് നാം രുചിക്കുന്നത് നല്ല അനുഭവമുണ്ട് ചീത്ത അനുഭവം ഉണ്ട് അതുപോലെതന്നെ നല്ല രുചി കൈപ്പുള്ള രുചി.
മധുരമുള്ള രുചിയാണ് നമുക്ക് ഏറ്റവും ഇഷ്ടം അതുപോലെതന്നെ നല്ല അനുഭവം നാം എന്നും ഓർക്കും അനുഭവങ്ങൾ ഒരു പാഠമാണ് ഒരു കഥയാണ്. ആ കഥയിലെ മുഖ്യ കഥാപാത്രവും നാം തന്നെയാണ്.എനിക്കും ധാരാളം അനുഭവങ്ങൾ ഉണ്ടായിട്ടുണ്ട് നല്ലതും. ചീത്തയും ഒരാൾക്ക് എപ്പോഴും നല്ലത് മാത്രമേ വരൂ എന്നില്ല.
ഒരു കയറ്റം ഒരു ഇറക്കം മനുഷ്യൻറെ ജീവിതത്തിലുള്ളതാണ്.
അനുഭവത്തിന്റെ ഒരു കൈപ്പേറിയ ഒന്നാണ് ഒറ്റപ്പെടൽ. ഒറ്റപ്പെട്ടുപോയി എന്ന് തോന്നിയാൽ അവൻ പരാജയത്തിലേക്ക് പോകുന്നു.
നമ്മളെ നമുക്കു മാത്രമേ അറിയുകയുള്ളൂ ഞാൻ ഞാനാണ് എന്ന ഒരു വിശ്വാസം മതി. ഇത് എനിക്ക് നേരിടാൻ സാധിക്കും ഇതുപോലെ സ്വന്തമായി വിശ്വാസം ഉണ്ടാക്കുക.
എനിക്ക് ആരുമില്ല ഞാൻ തനിച്ചാണ് എന്നെ സ്നേഹിക്കാൻ ആരുമില്ല.
എന്നിങ്ങനെയുള്ള ചിന്ത കളയുക. നമുക്ക് വേണ്ടി നമ്മുടെ മാതാപിതാക്കൾ നല്ല കൂട്ടുകാർ ഇതു മതി.
ഇതിലെ കൂട്ടുകാർ എന്നത് വലിയ ഒരു അനുഗ്രഹമാണ് എന്തിനും ഏതിനും കൂടെ നിൽക്കുന്ന ഒരു ബെസ്റ്റ് ഫ്രണ്ട് അത് നമ്മുടെ അടിത്തറയാണ്.
നാം വെറുതെ ഇരിക്കുമ്പോൾ മാത്രമാണ് ചിന്തിക്കുന്നത്. നമ്മുടെ സങ്കടം, പരാജയങ്ങൾ, ഇതെല്ലാം നമ്മൾ എന്തെങ്കിലും ചെയ്തുകൊണ്ടിരിക്കണം നല്ല കാര്യങ്ങൾ.
മറ്റുള്ളവരുടെ ജീവിതം കോപ്പി ചെയ്യില്ലല്ലോ യഥാർത്ഥ ലൈഫ് ഒരു മനുഷ്യനും സ്പെഷ്യൽ ആണ് ഓരോ രീതി different mind.all are different.
avoiding ഈ മുറിവ് ഉണങ്ങുകയില്ല. നമുക്ക് നമ്മുടെ മൈൻഡ് കൺട്രോൾ ചെയ്യാൻ സാധിക്കണം. ഒരിക്കലും ഒരു സ്ഥലത്ത് അടിഞ്ഞു കൂടരുത്. നമ്മുടെ കഴിവിനെ പുറത്തുകൊണ്ടുവരിക പലരും പറയും എനിക്ക് യാതൊരു കഴിവും ഇല്ലെന്ന് അങ്ങനെയല്ല. അവരുടെ കഴിവ് അവരുടെ ഉള്ളിൽ ഉണ്ട് .അത് കണ്ടുപിടിക്കുക.
than beld it life is short time. അതുകൊണ്ട് പരമാവധി enjoy ചെയ്യുക മറ്റുള്ളവർക്ക് സന്തോഷം പകരുക.ഒരു സങ്കടം വന്നാൽ ജീവിതം അവസാനിക്കുന്നവർ ഉണ്ട് മറിച്ച് ഇത് മുന്നേറി വിജയിക്കണമെന്ന് ആവണം focus and believe you can do it?
ഉള്ളതിൽ സന്തോഷിച്ചു ജീവിക്കുക വിജയം നമ്മുടെ അടുത്ത് ഉണ്ട് അത് മറഞ്ഞു നിൽക്കുന്നു എന്ന് മാത്രം. അടിത്തറ സ്ട്രോങ്ങ് ആവണം എന്നാൽ മാത്രമേ ഉയർന്നു പോവുകയുള്ളൂ.A line have two point start point and end point .the life like aline.
ഈ ചില സമയത്തുള്ള ഈഗോ നമ്മെ പരാജയത്തിൽ എത്തിക്കും. മഴവില്ലിനെ ഭംഗിയാക്കുന്നത് അതിൻറെ മനോഹരമായ നിറങ്ങളാണ്. അതുപോലെ മനുഷ്യനെ മനോഹരമാക്കുന്നത്. അവൻറെ മനസ്സാണ്. അവന്റെ മനസ്സ് എങ്ങനെയാണോ അതുപോലെ തന്നെയാണ് അവനും.

# കേരളം

Niya Abdhurahman




വർണ്ണത്തിലും ഹരിതദംഗിയിലും മുന്നിൽ നിൽക്കുന്ന ഒരു ദേശം ആണ് നമ്മുടെ കേരളം. ഓരോ വർഷവും കോടാനുകോടി വിദേശികളാണ് നമ്മുടെ നാടിന്റെ ഭംഗി ആസ്വദിക്കാൻ ആയി വരുന്നത്. മൂന്നാർ, തേക്കടി , ആനമുടി , പൊൻമുടി ,കോവളം , തെന്മല, ആതിരപ്പള്ളി ഇതൊക്കെയാണ് വിദേശികളെ കേരളത്തിലേക്ക് ആകർഷിക്കുന്ന ഏതാനും സ്ഥലങ്ങൾ. വിസ്തീർണം വളരെ കുറവാണെങ്കിലും 44 നദികളാണ് നമ്മുടെ



# മനുഷ്യൻ എന്ന മൃഗം


-Shana jebin
8 I

പ്രകൃതിയാൽ നിർമ്മിത-
മായ സൗന്ദര്യത്തെ കാണുന്നില്ലേ മനുഷ്യൻ എന്ന മൃഗം?.....
ചോരയിൽ മുങ്ങിക്കുളിച്ച് കൊണ്ട് കുപ്പിതനായ പ്രകൃതി മനുഷ്യനെ
നോക്കുന്നു.
പ്രകൃതിയില്ലെങ്കിൽ മനുഷ്യനില്ലാ എന്ന സത്യമായ സത്യം
തിരിച്ചറിയാത്ത മഹാ വിഡ്ഡികൾ.
പ്രകൃതിയിലുള്ള സൗന്ദര്യ പുസ്തകത്തെ പുച്ഛത്തോടെ നോക്കി കാണുന്നു.
വന്യ മൃഗങ്ങൾ ഭയക്കുന്ന മനുഷ്യരെ കൊടും ക്രൂരതയാൽ
സ്വയജീവിതമാർഗത്തെ അകറ്റുന്ന വിഡ്ഡികൾ. പ്രകൃതിക്ക് വേണ്ട വേണ്ട...
വേദനയാൽ പുളയുന്ന പ്രകൃതിയെ വേദനിപ്പിക്കാതിരിക്കാ
നാരുമില്ല.രാക്ഷസന്മാരായ മനുഷ്യമൃഗത്തെ തൂക്കിലേറ്റാനാരുമില്ല.
കുയിലിൻ കേൾക്കുമാനാദത്തിൽ അലിഞ്ഞു
ചേരുമെൻ പ്രകൃതിയെ വാരിപ്പുണരാനുമില്ല.
സ്വന്തം ചോരയായ പ്രകൃതിയെ വാരിപ്പുണർന്ന്
താലോലി-
ക്കാനാരുമില്ല
മരണം പോലും
പ്രകൃതിയിലലിഞ്ഞു
ചേരുമെന്നറിഞ്ഞിട്ടുമറിയില്ലാ നടിച്ച്

# തിരിച്ചറിവിന്റെആഴങ്ങളിൽ

Ansiya KK
9B

"അമ്മ,ഞാനിന്ന് ഒരു വൃദ്ധനെ കണ്ടു." സ്ക്കൂളിലെ വൃദ്ധസദന സന്ദർശനശേഷം മകൻ എന്നോട് അനുഭവം വിവരിക്കുകയാണ്. "നിർജ്ജീവമായ കണ്ണുകളുടെ നോവുള്ള നോട്ടം കണ്ടപ്പോൾ എന്റെയുള്ളിൽ എവിടെയോ ഒന്നു പൊള്ളി. അടുത്തുചെന്ന് ആ കണ്ണുകളിൽ പെയതിറങ്ങുന്ന പേമാരിയെ തുടച്ചുകൊണ്ട് അധ്വാനത്തിന്റെ അടയാളങ്ങൾ പച്ചകുത്തിയ കൈ എന്റെ കൈയോട് ചേർത്ത് കൊണ്ട് പുഞ്ചിരി സമ്മാനിച്ചപ്പോൾ മഴ ശക്തമാവുകയായിരുന്നു. ശമനം സാധ്യമായപ്പോൾ എന്നെ വാരിപ്പുണർന്നു. ഏകാന്തതയുടെയും ജീവിത മടുപ്പിന്റെയും മുറിവേറ്റ മവനസ്സിന്റെയും കുട്ടികളോടുള്ള സ്നേഹവും കരുതലും അതിൽ വ്യക്തമായിരുന്നു. ഓരോ ചോദ്യത്തിന് മറുപടി നൽകുമ്പോഴും നിറയുന്ന കണ്ണുകൾക്കും വിതുമ്പുന്ന ചുണ്ടുകൾക്കും ലോക സുന്ദരിയുടേതിനേക്കാൾ സൌന്ദര്യമുണ്ടായിരുന്നു. അധ്വാനത്തിന്റെ മരുഭൂമിലേക്ക് ജനിച്ച ഒരു സ്നേഹസമ്പന്നനായിരുന്ന അദ്ദേഹത്തിന് ദൈവം രണ്ട് പുതുനാമ്പുകൾ നൽകികൊണ്ട് അനുഗ്രഹിച്ചു. പെട്ടെന്നുള്ള ഭാര്യയുടെ മരണം സ്നേഹം കൊണ്ട് പ്രകാശം നിറഞ്ഞ വീട്ടിൽ ജ്വലിച്ചു നിന്ന പ്രകാശം നിശ്ചലമായത് പോലെയുള്ള വാർത്തയായിരുന്നു. പിന്നീടുള്ള ദിനങ്ങളിൽ തന്റെ പിഞ്ചുമക്കൾക്ക് വേണ്ടി, അവരുടെ ജീവിത വിജയത്തിന് വേണ്ടി മാത്രമാക്കി മാറ്റികൊണ്ട് ചോരാ നീരാക്കി, രാവ് പകലാക്കി, അധ്വാനത്തെ തന്റെ കൈപ്പിടിയിൽ ഒതുക്കി മുൻപോട്ട് പോയി. മക്കളുടെ ഓരോ കുഞ്ഞു ആവശ്യങ്ങളും ഏത് ഉൾക്കടലിലാണെങ്കലും സാധിപ്പിച്ച് കൊണ്ട് എല്ലാ ജീവിത സാഹചര്യങ്ങളും ഒരുക്കി, അധ്വാനത്തിന്റെ നോവറിയിക്കാതെ, സ്നേഹത്തിന്റെ ക്രമ്പാരം പണിത്, ലാളിച്ച്, തന്റെ ജീവിതം മാറ്റിവെച്ച് ജീവിച്ചു. മുള്ളുകളും കല്ലുകളും ചുട്ടുപഴുത്ത മണൽത്തരികഴളും നിറഞ്ഞ ജീവിതപാതയെ തന്നെ ആശ്രയിക്കുന്നവരെ സ്മരിച്ചുകൊണ്ട്, അധ്വാനദാരത്തെ ലഘൂകരിച്ച് ജീവിച്ച കഥ പറയുമ്പോൾ അത്ദതത്തോടെ നോക്കിക്കാണാനേ ഞങ്ങൾക്ക് സാധിച്ചുള്ളൂ. മകളിൽ പടുത്തുയർത്തിയിരുന്ന സ്വപനങ്ങളുടെ കെട്ട് ഞങ്ങൾക്ക് മുൻപിൽ തുറക്കുമ്പോൾ വിതുമ്പകയായിരുന്നു ആ വൃദ്ധൻ! ആഗ്രഹത്തിനൊത്ത് സ്നേഹിക്കാൻ മകനും മകളും നൽകിയ ദൈവത്തിന്റെ ഏടിലെ മാനുഷിക മൂല്യങ്ങൾ അവരിലേക്ക് പഠിപ്പിച്ചിറക്കിത് എങ്ങോട്ടെങ്കിലും മാഞ്ഞുപോയോ? അല്ലെങ്കിൽ ഇത്തരത്തിൽ അവരിൽ അഹന്ത പ്രകടമാവുമോ? മകൻ വിദ്യാലയ കാലയളവിൽ തന്നെ വൻ ലഹരി മാഫിയയുടെ കണ്ണിയായി മാറിയത് അദ്ദേഹം അറിഞ്ഞില്ല. ഓരോ ദിനവും ആവശ്യപ്പെടുന്ന പണം. നൽകാൻ സാധ്യമാവാതെ വന്നപ്പോൾ ഉപദേശം നൽകിയതിന്റെ പേരിൽ അക്രമത്തോടോപ്പം "അച്ഛാ" എന്ന സ്നേഹത്തിന്റെയും ബഹുമാനത്തിന്റെയും പ്രയോഗം പിന്നീട് ഉച്ചരിക്കാതെ വരികയുണ്ടായി. ആ സാഹചര്യം തുടരാക്കാൻ വിയർപ്പിന്റെ ഗന്ധമുള്ള തന്റെ വരുമാനത്തെ മകന്റെ കയ്യിലേക്ക് വച്ച് നീട്ടുമ്പോഴും പുച്ഛമായിരുന്നു മറപടി.



പുറം രാജ്യത്ത് ഉയർന്ന വിദ്യാഭ്യാസത്തിനായി ചേരുന്ന ഗ്രാമത്തിലെ ഏക വിദ്യാർത്ഥിനി എന്ന പട്ടം മകൾ ചൂടിയതിൽ സന്തോഷമാനായ ഒരു പിതാവാണദ്ദേഹം. ഉയർന്ന തൊഴിലൊടെ വിജയം കൈവരിച്ച മകൾക്ക് അച്ഛനെ രണ്ടാൾക്ക് മുന്നിൽ പരിചയപ്പെടുത്താനുള്ള ജാല്യത ഹൃദയത്തിൽ ആഴത്തിലുള്ള മുറിവ് നാൽകിയപ്പോഴും ജീവിത മുറിവകളേയു ഏറ്റിട്ടുള്ള പ്രഹരത്തെയും ഹൃദയത്തിന്റെ ഒരു മൂലയിൽ മൂടിവെച്ച നിർവികാരതയോടെ ഉൾകൊണ്ടതേയുള്ളൂ. ആയസ്സിന്റെ ദൈർഘ്യം കുറയുമ്പോഴും നാല് ചുവരുകൾക്കുള്ളിൽ ഒറ്റപ്പെടലിനാൽ നാരഗമായിത്തീരുമ്പോഴും ജീവിതത്തെ മടുപ്പിനാൽ നോക്കി കാണുമ്പോഴും ദിനങ്ങളെ എണ്ണിത്തിട്ടപ്പെടുത്തു തള്ളിനീക്കിനക്കുന്ന ദയനീയാവസ്ഥയിലേക്ക് ജീവിതം വഴിമാറിയപ്പോഴും പരാതി

പറഞ്ഞില്ല!

വീട്ടിലേക്ക് അതിക്രമിച്ചു കയറി കയ്യിലെ കുറഞ്ഞ സമ്പത്ത് കവർന്നെടുക്കുകയും ശരീരത്തിൽ മുറിവുകൾ സൃഷ്ടിക്കുകയും ചെയ്യുമ്പോൾ മകനായതിന്റെ കാരണത്താ ലായിരിക്കാം അവ ചെന്ന് പതിച്ചത് ഹൃദയത്തിലായിരുന്നു.
നാട്ടിലെ പാർട്ടി പ്രമാമികൾ ചേർന്ന് വൃദ്ധസദനത്തിലേക്ക കൈ ചേർത്ത് കൊടുക്കുമ്പൾ എല്ലാം ഉണ്ടായിട്ടും ആരും ഇല്ലാത്തവനെപ്പൊലെ സ്വപ്നവും സന്തോഷവും നിറഞ്ഞിരുന്ന ഹൃദയം ചലമറ്റ നിർജ്ജീവമായി രണ്ടായി പിളർന്നുകൊണ്ട് അധ്വാനത്തിന്റെ കയ്പ്പ് രുചിയാൽ തേഞ്ഞ കാലുകൾ കൊണ്ട് പടികൾ കയറുമ്പോൾ നിസ്സഹായതയും മരണത്തോടുള്ള അടങ്ങാത്ത താൽപര്യവും പ്രതീക്ഷയോടെ വഴിയിലേക്ക് നോക്കി ഇരിക്കുക പതിവായിരുന്നു. തന്റെ എരിവേറിയ ജീവിതാനുഭവങ്ങൾ തൊണ്ടയിടറി മുറിഞ്ഞുപോയ വാക്കുകൾ ചേർത്ത് വെച്ച് പറയുമ്പോൾ ആ കണ്ണുകളിലെ ഭാവം വ്യക്തമല്ലായിരുന്നു."
മകന്റെ സംസാരം തന്റെ ചെവിയിൽ തിരമാലകണക്കെ അടിഞ്ഞുകൊണ്ടിരുന്നു. ചലനശേഷി നഷ്ടപ്പെട്ടവളെപ്പൊലെ സ്തംബിച്ച്, കണ്ണീരോടെ നിൽക്കുമ്പോൾ വൃദ്ധസദനത്തിലേക്ക് പോവാനുള്ള വർദ്ധിച്ച ആകാംക്ഷ പ്രകടമായരുന്നു. അവിടെയുള്ള പടികൾ ഓരോന്നായി കയറുമ്പോഴും ക്രൂരതയുടെയും ഒറ്റപ്പെടുത്തലിന്റെയും മറ്റും ഓർമ്മകൾ ഇഞ്ചിഞ്ചായി കൊല്ലുന്നുണ്ടയിരുന്നു. തന്റെ കൈ പിടിച്ച് മക്കൾ ഒരു മുറിയുടെ വാതിൽ തുറന്നപ്പോൾ താൻ കാണാതെ, വില നൽകാതെ, അറിയാതെ പോയ പ്രകാശത്തിന്റെ കവാടമാണെന്ന് ഞാൻ അറിപ്പിച്ചതാണ്. ഇപ്പോൾ! ഹൃദയം കുറ്റബോധത്തിലേക്ക് വഴിമാറിയ വൈകാരിക നിമിഷം. താൻ ഗൌനിക്കാതെ പോയ ജീവിതം തന്റെ മകന്റെ ഹൃദയത്തിലൂടെ ദൈവം ചൂണ്ടിക്കാട്ടുകയാണോ? തന്റെ അച്ഛന്റെ ജീവിതപാതയാണ് തന്റെ മകന്റെ തന്നോട് പറഞ്ഞതെന്ന് എങ്ങനെ അവനെ ധരിപ്പിക്കും

# കുടികൊള്ളുന്നോർ

അമൃത AS



കോളേജിലേക്കുള്ള വഴിയിലൊരു
ഇരുനിലവീടുണ്ടായിരുന്നു,
ആളില്ലാ വീട്, തണലുള്ള വീട്
രാവിലെയും വൈകിട്ടും
കഥ പറഞ്ഞുള്ള നടത്തത്തിനിടെ
നോക്കി നോക്കി ആ വീടിനെ
ഞങ്ങൾ ഞങ്ങടേതാക്കി.
കൈയിലൊന്നുമില്ലെന്ന വേവലാതിയിലും
വീട് വാടകയ്ക്കെടുത്തു.
പൂട്ടിക്കിടന്ന ഗേറ്റ് തുറപ്പോൾ
വീട് ഒച്ചവെച്ചു.
ആരും ഓടിവന്നില്ല.
അയൽക്കാരില്ലാത്ത വീടിനെ ഞങ്ങൾ
ഒഴിവുദിനങ്ങൾ പാർക്കാനുള്ളിടമാക്കി.
മഞ്ചാടിയെന്നോ പൂഞ്ചോലയെന്നോ
അതിനെ പേരിട്ടുവിളിച്ചു.
അടുപ്പും പാത്രങ്ങളുമില്ലാത്ത വീട്ടിലേക്കുള്ള
അരിയും പച്ചക്കറികളും വാങ്ങി.
തിങ്കളാഴ്ച ഞാൻ, ചൊവ്വ നീ,
ബുധൻ ഞാനെന്നിങ്ങനെ
ജോലികൾ വീതംവെച്ചു.
പൂട്ടിയിട്ട  മൂന്ന് കിടപ്പുമുറികളുണ്ടെങ്കിലും
ഒറ്റമുറിയിലുറക്കമാക്കി.

ഒരു പകലിൽ വലിയൊരു കാറിൽ
വീട്ടിലെ താമസക്കാരെത്തിയിട്ടും
ഞങ്ങളൊഴിഞ്ഞുപോയില്ല.
അവർ കണ്ടതേയില്ല, ഞങ്ങളുടെ
പാത്രങ്ങൾ, തുണികൾ, കിടക്കവിരികൾ,
കുപ്പിയിൽ വളരുന്ന ചെടികൾ
ഞങ്ങളെയും.
എന്നാലവരാ വീടിന് പുതിയ പെയിന്റടിച്ചതോടെ,
മുറ്റത്തെ മരം മുറിച്ചതോടെ
ആ വീട് ഞങ്ങടേതല്ലാതായി
അവരറിയാതെ പാർക്കാമായിരുന്നിട്ടും
എല്ലാം വാരിപ്പെറുക്കി ഞങ്ങൾ വീടൊഴിഞ്ഞു,
കോളേജിലേക്ക് പോകുംവഴി
വീടിനെയൊന്നൊളിഞ്ഞുനോക്കി
അതാ നമ്മുടെ വീടെന്ന് പറയാതെയുമായി.

# മാറുന്ന സമൂഹവും ലഹരി വ്യാപനവും

- ABDUL BASITH TM-
൯-F

ലഹരിയുമായി ബന്ധപ്പെട്ടുള്ള സംഭവങ്ങൾ നിത്യേന പത്രകോളങ്ങളിൽ വാർത്തയാവുകയും ലഹരി വസ്തുക്കൾ
നാടിന്റെ ശാപമായി മാറുകയും ചെയ്യുന്ന ആധുനിക കാലത്തെ അവസ്ഥ ഏറെ ദുഷ്കരമാണ്. ജനങ്ങളിലേക്ക് ലഹരി വ്യാപനത്തിന്റെ അപകടം ബോധ്യപ്പെടുത്തുക എന്നത് അനിവാര്യമായിരിക്കുന്നു.

വികസിത രാജ്യങ്ങൾക്ക് പോലും മാതൃകയാണ് കേരളം. പൊതുവിദ്യാഭ്യാസ രംഗത്തും, പൊതുജനാരോഗ്യരംഗത്തുമൊക്കെ നമ്മൾ നേടിയെടുത്ത നേട്ടങ്ങൾക്ക് മാനവിക വികസന സൂചികയിൽ മുന്തിയ സ്ഥാനം ലഭിച്ചിട്ടുണ്ട്. എന്നാൽ സമൂഹിക അസമത്വങ്ങൾക്കും എല്ലാ ജീർണതകൾക്കുമെതിരെ പടപൊരുതുന്ന മനസ്സിന്റെ ഉടമകൾ കൂടിയായിട്ടില്ലെ നമ്മൾ?. ലഹരിയുടെ അധോലോകമാണ് സമൂഹിക ഘടനയിൽ കാര്യമായി പരിക്ക് ഏൽപ്പിക്കുന്നത്.

ലഹരിയെ നിയന്ത്രിക്കുന്ന അധോലോകം സങ്കൽപ്പിക്കാൻ കഴിയാത്തവിധം ശക്തമാണ് ഇന്ന്. ഓരോ ഗ്രാമവും, ഓരോ വീടും നേരിട്ടോ അല്ലാതെയോ ലഹരിയുടെ വലയങ്ങളിൽ അകപ്പെട്ടുകൊണ്ടിരിക്കുന്നു.

പഴയകാലം മുതൽ വ്യാപകമായി ഉപയോഗിച്ച് വരുന്ന മദ്യത്തിന്റെ ദൂഷ്യഫലങ്ങൾ അറിയുമെങ്കിലും ബോധ്യപ്പെടാത്തവരാണ് കേരളീയർ.ജീവിതത്തിൽ ഒരിക്കൽ മാത്രം ഉപയോഗിച്ചവരിൽ 20% പേർ കാലാന്തരത്തിൽ മദ്യസക്തരോഗികളായി മാറുന്നു.ഗുരുതരമായ സോഷ്യൽഡിസീസും മറ്റു രോഗത്തേക്കാളും ഗൗരവമായി ചികിത്സിക്കേണ്ട രോഗമാണ്. ജനങ്ങൾ പുച്ഛത്തോടെയും വെറുപ്പോടെയുമാണ് മദ്യസക്ത രോഗികളെ കാണുന്നത്.

കുട്ടികളിൽ നടത്തിയ ഒരു സർവേയും മദ്യപാനത്തിലേക്ക് നയിക്കുന്നത് 86% പേരും സുഹൃത്തുക്കളും ബാക്കി ബന്ധുക്കളുമാണെന്നത് അവരുടെ സാഹചര്യത്തിന്റെ സ്വാധീനം ബോധ്യപ്പെടുത്തുന്നു.



പ്രൈമറി സ്കൂളിലെത്തുന്ന ലഹരി :-

ചെറിയ ക്ലാസ്സിൽ പഠിക്കുന്ന വിദ്യാർത്ഥികൾ പോലും മയക്കുമരുന്നിന്റെ ഇരയായി മാറുന്ന കറുത്തകാലമാണിത്. ചെറിയ മിഠായി രൂപത്തിലുള്ളതിൽ നിന്ന് പ്രാരംഭം കുറിച്ച് ഒടുവിൽ അതിന്റെ വാഹകരും വിൽപ്പനക്കാരുമായി ഈ വിദ്യാർഥികൾ മാറുന്നു.

ബബിൾഗം പോലെയുള്ള മിഠായിക്കകത് പ്രത്യേക തരിപ്പ് അനുഭവപ്പെടുന്ന വസ്തുക്കൾ

ചേർത്തി മയക്കുമരുന്നു മാഫിയകൾ
കുട്ടികളെ ആദ്യമെ അതിൽ താത്പര്യം ജനിപ്പിക്കുന്നു. സ്ക്കൂളുകൾ
കേന്ദ്രീകരിച്ച് ഒരു തലമുറയെ നശിപ്പിക്കാൻ കച്ചകെട്ടിയിറങ്ങിയിരിക്കുന്ന ക്രിമിനലുകളെ
തടയേണ്ടത് നമ്മൾ ഓരോരുത്തരുടെയും ബാധ്യതയാണ്.

പുകവലിയും ഹാൻസും പാൻമസാലകളും ബബിൾഗവും മിഠായികളും എല്ലാം ലഹരിയിലേക്ക് പ്രവേശിക്കാനുള്ള പാസ്സ്പോർട്ടുകളാണ്. കുട്ടികളുടെ ഇത്തരം താല്പര്യം കണ്ടെത്തി ക്രമേണ അവരെ സൗജന്യമായി വിതരണം ചെയ്ത് അടിമകളാക്കുകയും ചെയ്യുമാണ് ഇവർ.

കലാലയങ്ങൾ ലഹരി വിപണന കേന്ദ്രങ്ങളോ?

കോളേജുകൾ കേന്ദ്രീകരിച്ച് വലിയ മാഫിയകൾ തന്നെ പ്രവർത്തിക്കുന്നുണ്ടെന്നാണ് പല അന്വേഷണ വിവരങ്ങളും വെളിപ്പെടുത്തുന്നത്. രസിഡൻഷ്യൽ ക്യാമ്പസ്, ഹോസ്റ്റൽ എന്നിവ കേന്ദ്രീകരിച്ചും ചെറുപ്രായത്തിൽ തന്നെ ലഹരിക്കടിമപ്പെട്ട കുട്ടികളെ കേന്ദ്രീകരിച്ചുമാണ് ഈ മാഫിയ വളരുന്നത്.

കുട്ടികളുടെ നിരന്തരമായ വ്യത്യാസം മനസിലാക്കാൻ കഴിയാതിരിക്കുക, അവരുടെ പെരുമാറ്റവ്യത്യാസം അറിയാതിരിക്കുക, കണ്ടാലും സംസാരം കുറവാവൽ തുടങ്ങിയവ ലഹരിഉപയോഗത്തിലേക്ക് വിദ്യാർത്ഥികൾ എത്തിച്ചേരുന്നതിലേക്കുള്ള കാരണങ്ങളാണ്.